നം ഇ1/36157/2016/ഡബ്ല്യൂസിഡി

വനിത - ശിശു വികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം.
തീയതി: 02.08.2018

# പരിപത്രം

വിഷയം- വനിതാ ശിശു വികസന വകുപ്പ് - ജീവനക്കാര്യം- നിർഭയ സെൽ - പ്രോഗ്രാം ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

പരാമർശം-

വനിതാ ശിശു വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന നിർഭയ സെല്ലിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. ടി തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താൽപ്പര്യമുള്ള വനിതാ ശിശു വികസന വകുപ്പിലെ പ്രോഗ്രാം ഓഫീസർ/ ശിശു വികസന പദ്ധതി ഓഫീസർമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

നിർഭയ സെല്ലിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താൽപ്പര്യമുള്ള മേൽ പറഞ്ഞ തസ്തികയിലുള്ള ജീവനക്കാർ നിശ്ചിത മാതൃകയിലുള്ള ഡെപ്യൂട്ടേഷൻ അപേക്ഷ കൺട്രോളിംഗ് ഓഫീസർ മുഖാന്തിരം 10/08/2018 തീയതിയ്ക്കകം വനിതാ ശിശു വികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത മാതൃകയിൽ അല്ലാത്തതും സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതുമായ അപേക്ഷകൾ യാതോരു കാരണവശാലും പരിഗണിക്കുന്നതല്ല.

(ഒപ്പ്)
**വനിതാ ശിശു വികസന ഡയറക്ടർ**

**പകർപ്പ് ഃ-**

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
2. എല്ലാ കാര്യാലയ മേധാവികൾക്കും.
3. ഔദ്യോഗിക വെബ്സൈറ്റിലേയ്ക്ക്
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്